REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 31-08-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി 25-ാം ഷാങ്ഹായ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ചൈനയിലെ ടിയാൻജിനിലെത്തി. ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങ്ങുമായി ഇന്ന് കൂടിക്കാഴ്ച.
- കോഴിക്കോട്- വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരങ്കപാതയുടെ നിർമ്മാണം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി കോഴിക്കോട്ട് രാവിലെ ജനകീയ സദസ്സ് .
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത് പരിപാടി രാവിലെ 11-ന് ആകാശവാണി- ദൂരദർശൻ ശൃംഖലകളിൽ.
- ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യത്തിന് വെങ്കലം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി 25-ാം ഷാങ്ഹായ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ചൈനയിലെ ടിയാൻജിനിലെത്തി. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിൻ എന്നിവർക്കൊപ്പം നിരവധി ലോക നേതാക്കളും പങ്കെടുക്കുന്നുണ്ട്. സുരക്ഷ, സുസ്ഥിര വികസനം, കണക്ടിവിറ്റി, ആഗോള സഹകരണം തുടങ്ങിയ മേഖലകളിൽ ചർച്ചകൾ നടക്കും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......(വോയ്സ്).....

ഷാങ്ഹായ് ഉച്ചകോടിയ്ക്കിടെ ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങുമായി നരേന്ദ്രമോദി ഇന്ന് നടത്തുന്ന കൂടിക്കാഴ്ചയെ ലോക രാജ്യങ്ങൾ ഏറെ ഗൗരവത്തോടെയാണ് കാണുന്നത്. ഇന്ത്യ- ചൈന അതിർത്തി പ്രശ്നവും, മറ്റ് ആഗോള വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തേക്കുമെന്നാണ് സൂചന. റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിനുമായും പ്രധാനമന്ത്രി ചർച്ച നടത്തും.

25 വർഷത്തെ സംഘടനയുടെ നേട്ടങ്ങൾ വിലയിരുത്തുന്ന ഉച്ചകോടി, 10 വർഷത്തെ വികസന നയവും രൂപീകരിക്കും. 15-ാം തവണയാണ് ചൈന ഷാങ്ഹായ് ഉച്ചകോടിയ്ക്ക് ആതിഥ്യം അരുളുന്നത്. ചൈനീസ് പ്രസിഡന്റ് ഷീ ജിങ് പിങ്ങാണ് ഉച്ചകോടിയുടെ അധ്യക്ഷൻ.

രണ്ടു ദിവസത്തെ ജപ്പാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയതിന് ശേഷമാണ് മോദി ചൈനയിൽ എത്തിയത്.

✪✪✪

ഇന്ത്യ അടുത്ത കാലത്തു തന്നെ ലോകത്തെ മൂന്നാമത് സാമ്പത്തിക ശക്തിയായി മാറുമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. പ്രധാനമന്ത്രിയുടെ ജൻ ധൻ യോജനയാണ് രാജ്യത്തിന്റെ വളർച്ചയ്ക്കു പിന്നിലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞ ഏപ്രിൽ- ജൂൺ പാദവർഷത്തിൽ ഇന്ത്യയുടെ GDP 7.8 ശതമാനം വളർച്ച കൈവരിച്ചതിന്റെ പശ്ചാത്തലത്തിലാണ് RBI ഗവർണറുടെ പരാമർശം. ഇൻഡോറിൽ ഒരു പൊതുമേഖലാ ബാങ്കിന്റെ 'സംതൃപ്തി ശിവിർ'- ൽ പങ്കെടുക്കുകയായിരുന്നു സഞ്ജയ് മൽഹോത്ര.

✪✪✪

ഏപ്രിൽ- ജൂൺ കാലഘട്ടത്തിലെ ഇന്ത്യയുടെ മികച്ച GDP വളർച്ച എല്ലാ പ്രതീക്ഷകൾക്കും അപ്പുറത്താണെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തി. കണക്കുകൂട്ടലുകൾ തെറ്റിച്ച വളർച്ച ശുഭസൂചനയാണെന്ന് പ്രൊഫസർ യാഷ്‌വിർ ത്യാഗി പറഞ്ഞു. മികച്ച കാലവർഷവും, കാർഷികോത്പാദനവുമാണ് വളർച്ചാനിരക്കിന് പിന്നിലെന്ന് സൗരാഷ്ട്ര സർവകലാശാല അസോസിയേറ്റ് പ്രൊഫസർ ഡോ. G സുരേഷും അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യയിലെ മൂന്നാമത്തെ ഏറ്റവും നീളം കൂടിയ തുരങ്കപാതയുടെ നിർമ്മാണത്തിന് ഇന്ന് തുടക്കമാകും. കോഴിക്കോട്- വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരങ്കപാത ചുരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകും.

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ആനക്കാംപൊയിൽ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യും. 2,134 കോടി രൂപ ചെലവിൽ 8.73 കിലോമീറ്റർ നാലുവരി തുരങ്കപാതയും, അപ്രോച്ച് റോഡുകളും ഉൾക്കൊള്ളുന്നതാണ് തുരങ്കപാതാ പദ്ധതി.

ഡെസ്ക്ക് റിപ്പോർട്ട്

.........വോയിസ്....

1970 കളിൽ തന്നെ വയനാട് ചുരത്തിന് ചുരമില്ലാ ബദൽ പാത നിർമ്മാണത്തിന് അന്വേഷണങ്ങൾ നടന്നിരുന്നെങ്കിലും പല കാരണങ്ങളാൽ അവയൊന്നും യാഥാർഥ്യമായില്ല. തുടർന്ന് 2010 ൽ സ്വകാര്യ ഏജൻസിയുടെ സർവ്വേയിലാണ് സ്വർഗംകുന്നിൽ നിന്ന് കള്ളാടിയിലേക്ക് തുരങ്ക പാത നിർമ്മിച്ചാൽ ബദൽ പാത സാധ്യമാകുമെന്ന അഭിപ്രായമുണ്ടായത്.

ദുർഘടമായ താമരശ്ശേരി ചുരം റോഡിന് പകരം നിർമ്മിക്കുന്ന തുരങ്കപാത കൊച്ചി- ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമാകുന്നതോടെ മേഖലയിലെ കാർഷിക- വിനോദ സഞ്ചാര മേഖലകൾക്ക് അപാര സാധ്യത ഉണ്ടാകുമെന്നാണ് വിലിയിരുത്തൽ.

ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യയും, സൗകര്യങ്ങളും തുരങ്കപാതയിൽ ഉണ്ടായിരിക്കും. ഓരോ നൂറ് മീറ്ററിലും തുരങ്കങ്ങളെ തമ്മിൽ ഇടനാഴി വഴി ബന്ധിപ്പിക്കും. ഡിജിറ്റൽ പ്രകാശ സ്രോതസ്സ്, വായു ശുചീകരണ സംവിധാനം, ജലനിർഗമന ക്രമീകരണം എന്നിങ്ങനെ എല്ലാ സൗകര്യങ്ങളും തുരങ്കപാതയിലുണ്ടാകും. തുരങ്കത്തിന്റെ ഇരുവശങ്ങളിലും കമ്പ്യൂട്ടർവത്കൃത ഗതാഗത നിയന്ത്രണ സംവിധാനം ഉണ്ടായിരിക്കും. കുറ്റമറ്റ അഗ്നി ശമന സുരക്ഷാ സംവിധാനങ്ങളും ക്രമീകരിക്കും. യൂറോപ്പിലെ ആൽപ്സ് പർവ്വതനിരയിൽ ഉപയോഗിച്ച സിലിണ്ടർ ആകൃതിയോടു കൂടിയ ടണൽ ബോറിങ് മെഷീൻ ആണ് തുരങ്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, KN ബാലഗോപാൽ, AK ശശീന്ദ്രൻ, OR കേളു, പ്രിയങ്കാഗാന്ധി MP, MLA മാർ, മുതിർന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി കോഴിക്കോട്ട് രാവിലെ ജനകീയ സദസ്സ് സംഘടിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടിയിൽ പങ്കെടുക്കും.

കൃഷി പുനരുജ്ജീവനം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം - മിഷൻ പ്രഖ്യാപനം, സർപ്പ രണ്ടാം ഘട്ട ഉദ്ഘാടനം, വനാതിർത്തികളിലെലെ സ്മാർട്ട് ഫെൻസിംഗ് പദ്ധതി പ്രഖ്യാപനം എന്നിവയടക്കം ഒട്ടേറെ പദ്ധതികൾക്ക് ചടങ്ങിൽ തുടക്കം കുറിയ്ക്കും. നിരവധി പദ്ധതികളുടെ ധാരണാപത്രങ്ങളും പരിപാടിയിൽ കൈമാറും. മന്ത്രിമാരായ A.K ശശീന്ദ്രൻ, P.A മുഹമ്മദ് റിയാസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. മുതിർന്ന സർപ്പ വൊളണ്ടിയർ വിദ്യാരാജുവിനെ ആദരിക്കുകയും ചെയ്യും.

✪✪✪

കോഴിക്കോട് ഫറോക്ക് താലൂക്ക് ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. മന്ത്രി വീണാജോർജ് ചടങ്ങിൽ അധ്യക്ഷയായിരിക്കും. മന്ത്രി PA മുഹമ്മദ് റിയാസ്, M K രാഘവൻ MP തുടങ്ങിയവർ സംബന്ധിക്കും. കിഫ്ബി സഹായത്തോട ഇരുപത്തി മൂന്നര കോടി രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രക്ഷേപണ പരിപാടി മൻ കി ബാത് രാവിലെ 11-ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125-ാം എപ്പിസോഡാണിത്.

ആകാശവാണി - ദൂരദർശൻ ശൃംഖലകൾ, ആകാശവാണി ന്യൂസ് വെബ്സൈറ്റ്, News on AIR മൊബൈൽ ആപ്പ് എന്നിവയിലും പരിപാടി കേൾക്കാം. ആകാശവാണി ന്യൂസ്, DD ന്യൂസ്, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യു - ട്യൂബ് ചാനലുകളിലും പരിപാടി ലഭ്യമാണ്. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രക്ഷേപണത്തിന് ശേഷം, ആകാശവാണി പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും.

✪✪✪

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ ശുചീകരണം ആരംഭിച്ചു. ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് കിണറുകൾ ക്ലോറിനേറ്റു ചെയ്യുന്നത്. ശുചീകരണ പ്രവർത്തനങ്ങൾ ഇന്നും തുടരും.

✪✪✪

സംസ്ഥാനത്ത് റേഷൻ കടകൾ ഇന്ന് തുറന്ന് പ്രവർത്തിക്കും. നാളെ റേഷൻ കടകൾക്ക് അവധി നൽകിയ സാഹചര്യത്തിലാണ് നടപടി. സെപ്റ്റംബറിലെ റേഷൻ വിതരണം ചൊവ്വാഴ്ച ആരംഭിക്കും

✪✪✪

കുടുംബശ്രീ കോഴിക്കോട് ജില്ലാമിഷന്റെയും, കോർപറേഷൻ CDS ന്റെയും ഓണം വിപണമേള മുതലക്കുളം മൈതാനിയിൽ മേയർ ഡോ. ബീനാ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പച്ചക്കറികൾ, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ എന്നിയവയുടെ 25 ഓളം സ്റ്റാളുകൾ മേളയിൽ ഉണ്ട്.

✪✪✪

സംസ്ഥാനത്തെ പ്രമുഖ കോൺട്രാക്ടർ PM കേളുക്കുട്ടി മേസ്തിരിക്ക് പ്രഥമ നന്മ പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കോഴിക്കോട്ട് സമ്മാനിക്കും. മെഡിക്കൽ കോളജ് ഗവൺമെന്റ് സ്കൂളിലെ ചടങ്ങിൽ PM കേളുക്കുട്ടി മേസ്തിരി- ജീവിതം വിസ്മയം- എന്ന പുസ്തകം മന്ത്രി PA മുഹമ്മദ് റിയാസ് പ്രകാശനം ചെയ്യും.

✪✪✪

ദേശീയ പാത 66 ലെ തലശ്ശേരി-മാഹി ബൈപ്പാസിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതടക്കം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനമായി.

കണ്ണൂരിൽ നിന്ന് K. O.ശശിധരൻ.

....(വോയ്സ്)...........

✪✪✪

ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യത്തിന് വെങ്കലം. സെമിയിൽ ചൈനീസ് സഖ്യത്തോടാണ് അവർ സെമിയിൽ പരാജയപ്പെട്ടത്.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ട്രിവാൻഡ്രം റോയൽസിനെ തോൽപ്പിച്ച് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തേക്ക് മുന്നേറി. 13 റൺസിനാണ് അവർ തിരുവനന്തപുരത്തെ തോൽപ്പിച്ചത്. മറ്റൊരു മത്സരത്തിൽ തൃശൂർ ടൈറ്റൻസിനെ കൊച്ചി ബ്ലൂ ടൈഗേഴ്സ് ആറു വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. ഇന്ന് ഒരിടത്തും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല. ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കോഴിക്കോട്ടെ മാവേലിക്കസ് -2025 ഓണാഘോഷത്തിന്റെ ഭാഗമായി ഒരുക്കിയ പ്രകാശവിന്യാസം വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് സ്വിച്ച് ഓൺ ചെയ്യും. നഗരത്തിലെ ദീപാലങ്കാരത്തിനു പുറമെ, CSI പള്ളി, മിഠായിത്തെരുവ്, ബീച്ച്, പഴയ കോർപറേഷൻ കെട്ടിടം എന്നിവയടക്കം കേന്ദ്രങ്ങളിലും അലങ്കാര വിളക്കുകൾ ഒരുക്കിയിട്ടുണ്ട്.

✪✪✪

മറുനാടൻ മലയാളി ഓൺലൈൻ എഡിറ്റർ ഷാജൻ സ്കറിയയ്ക്ക് മർദ്ദനമേറ്റു. സാരമായ പരിക്കുകളോടെ അദ്ദേഹത്തെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വാഹനം തടഞ്ഞ് നിർത്തി സാജൻ സ്കറിയയെ മർദ്ദിക്കുകയായിരുന്നു എന്നാണ് റിപ്പോർട്ട്.

✪✪✪

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ മുഴുവൻ സ്കൂളുകളും പരിശോധിച്ച് സെപ്റ്റംബർ 25 നകം റിപ്പോർട്ട് നൽകാൻ ജില്ലാ വികസന സമിതി യോഗം ആവശ്യപ്പെട്ടു. KSEB, LSGD, റവന്യൂ, പൊതുമരാമത്ത് വകുപ്പുകളാണ് പരിശോധന നടത്തേണ്ടത്.

✪✪✪

ആലപ്പുഴയിൽ നിന്ന് രാവിലെ ആറിന് പുറപ്പെടേണ്ടിയിരുന്ന ഇന്നത്തെ ആലപ്പുഴ - ധൻബാദ് എക്സ്പ്രസ് 11 മണിക്കേ പുറപ്പെടൂ എന്ന് റെയിൽവെ അറിയിച്ചു. ആലപ്പുഴയിലേക്ക് വരുന്ന ട്രെയിൻ വൈകി ഓടുന്നതിനെ തുടർന്നാണിത്.

✪✪✪

US ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ മുൻ ചാമ്പ്യൻ നവോമി ഒസാക്ക നാലാം റൗണ്ടിലെത്തി. ഓസ്ട്രേലിയയുടെ 15-ാം സീഡ് ഡാരിയ കസത്കിനയെയാണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

---

.

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൽ കബീർ, രജിന*
*DEO : ഷീബ*